ശ്രീരാമഗീത

(അർത്ഥസഹിതം)

http://malayalamebooks.org/

ശ്രീരാമഗീത

(അർത്ഥസഹിതം)

"Sri Rama Gita Malayalam" e-book

is licensed by http://malayalamebooks.org/ under a

Creative Commons Attribution-NonCommercial-NoDerivs 3.0 Unported License.

E-book Published By

http://malayalamebooks.org/

April 2013

മുഖവുര

ശ്രീരാമഗീത: മലയാളികൾക്ക് ചിരപരിചിതമാണ് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം. വേദവ്യാസവിരചിതമായ ബ്രഹ്മാണ്ഡപുരാണത്തിലെ ഉത്തരകാണ്ഡത്തിലുള്ള ശിവപാർവ്വതിസംവാദത്തിൽ വർണ്ണിക്കപ്പെടുന്ന രാമകഥയാണ് അദ്ധ്യാത്മരാമായണമെന്ന പേരിൽ പ്രശസ്തിയാർജ്ജിച്ചത്. അദ്ധ്യാത്മരാമായണത്തിലെ ഉത്തരകാണ്ഡം അഞ്ചാം സർഗ്ഗത്തിൽ ശ്രീരാമൻ ലക്ഷ്മണന് ബ്രഹ്മവിദ്യ ഉപദേശിക്കുന്ന സന്ദർഭമുണ്ട്. അദ്ധ്യാത്മരാമായണത്തിലെ ഈ സർഗ്ഗം ശ്രീരാമഗീത എന്ന പേരിലറിയപ്പെടുന്നു.

സീതാപരിത്യാഗത്തിനുശേഷം ഏകാന്തനായിരിക്കുന്ന ശ്രീരാമചന്ദ്രനെ സമീപിച്ച് ലക്ഷ്മണൻ യഥാവിധി പ്രണാമങ്ങളർപ്പിച്ചശേഷം സംസാരസാഗരത്തിൽനിന്ന് മുക്തി നേടുന്നതിനുള്ള ഉപായം തനിക്ക് ഉപദേശിക്കണമെന്ന് അപേക്ഷിക്കുന്നു. ലക്ഷ്മണന്റെ പ്രാർത്ഥന കേട്ട് ശ്രീരാമൻ വേദോക്തവും വിശിഷ്ടവുമായ ആത്മജ്ഞാനം ലക്ഷ്മണന് ഉപദേശിച്ചു. അതാണ് ശ്രീരാമഗീത.

ശ്രീരാമഗീതയുടെ ഉള്ളടക്കം: ശ്രീരാമോപദിഷ്ടമായ ഈ 56 ശ്ലോകങ്ങളിൽ സർവ്വവേദാന്തസാരം തന്നെ നമുക്ക് ദർശിക്കാൻ കഴിയും. ശിഷ്യന്റെ യോഗ്യതകൾ, സദ്ഗുരുവിന്റെ ആവശ്യകത, മുക്തിക്കുള്ള ഉപായം, ജ്ഞാനകർമ്മസമുച്ചയവാദഖണ്ഡനം, മഹാവാക്യവിചാരം, അവസ്ഥാത്രയവിവേകം, പഞ്ചകോശവിവേകം, അദ്ധ്യാസനിരൂപണം, ഓംകാരോപാസന, ആത്മവിചാരം എന്നീ വിഷയങ്ങൾ വളരെ ചുരുക്കി ശ്രീരാമഗീതയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

ഗീതകൾ നിരവധി: ഗീത എന്നു കേൾക്കുമ്പോൾ നമ്മൾ ആദ്യം സ്മരിക്കുന്നത് ശ്രീമദ് ഭഗവദ്ഗീതയാണ്. എന്നാൽ അതിനു പുറമെ നിരവധി ഗീതകൾ മഹാഭാരതത്തിലും പുരാണങ്ങളിലും മറ്റു

ഗ്രന്ഥങ്ങളിലും കാണപ്പെടുന്നുണ്ട്. മഹാഭാരതം ശാന്തിപർവ്വത്തിൽ മാത്രമായി ഒൻപത് ഗീതകളുള്ളതായി ബാലഗംഗാധരതിലകന്റെ ഗീതാരഹസ്യത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. മറ്റു പർവ്വങ്ങളിലും വിവിധ ഗീതകളുണ്ട്. ഭാഗവതത്തിലും കപിലഗീത, ഉദ്ധവഗീത ഇത്യാദി ഗീതകളുണ്ട്. ഇതുകൂടാതെ വിവിധ പുരാണങ്ങളിൽ ശിവഗീത, ദേവീഗീത, ഗണേശഗീത, ഈശ്വരഗീത, ഭഗവതിഗീത, അവധൂത ഗീത, അഷ്ടാവക്രഗീത, ഋഭുഗീത, അഗസ്ത്യഗീത, ബ്രഹ്മഗീത, എന്നു തുടങ്ങി 123 ഗീതകളുടെ ഒരു പട്ടിക ഡോ. വി. രാഘവൻ രചിച്ച 'റീഡിങ്ങ്സ് ഫ്രം ദി ഭഗവദ്ഗീത' എന്ന കൃതിയിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ട്. പൗരാണികഗീതാസാഹിത്യം എന്നാണ് ഇവ പൊതുവെ അറിയപ്പെടുന്നത് ഇതുകൂടാതെ ആധുനികമായ ഗാന്ധി ഗീത, സത്യാഗ്രഹഗീത, ക്രിസ്തുഗീത, ഗിരിഗീത, അല്ലാഗീത തുടങ്ങിയവയുമുണ്ട്.

ഭഗവദ്ഗീതയാണ് ഇവയിൽ ഏറ്റവും പ്രാചീനമെന്നും, അതിനെ അനുകരിച്ചുണ്ടായവയാണ് പൗരാണികമായ മറ്റു ഗീതകളെന്നു മാണ് പണ്ഡിതമതം. ഉള്ളടക്കത്തിന്റെ കാര്യത്തിൽ മഹാഭാരത ത്തിലെ മറ്റു ഗീതകൾക്ക് ഭഗവദ്ഗീതയോടു സാദൃശ്യമില്ല. എന്നാൽ പൗരാണികഗീതകളിൽ പലതിനും ഭഗവദ്ഗീതയുമായി ഒരു പരിധി വരെ സാദൃശ്യവുമുണ്ട്.

ശ്രീരാമഗീത ഇ-ബുക്ക്: ലോകമാസകലം ശ്രീരാമഭക്തർ ശ്രീരാമ നവമി ആഘോഷിക്കുന്ന ഈ വേളയിൽ ശ്രീരാമഗീതയുടെ മലയാളം ഇ-ബുക്ക് പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ അത്യന്തം ചാരിതാർത്ഥ്യമുണ്ട്. ശ്രീരാമഗീതയും പൗരാണികമായ മറ്റു വിശിഷ്ട ഗീതകളും പഠിക്കുവാൻ ഇത് വായനക്കാർക്ക് ഒരു പ്രചോദനമായി ത്തീരട്ടെ എന്നു പ്രത്യാശിക്കുന്നു.

– പ്രസാധകൻ

ശ്രീരാമഗീത

ശ്രീമഹാദേവ ഉവാച –

തതോ ജഗന്മംഗലമംഗലാത്മനാ
വിധായ രാമായണകീർതിമുത്തമാം
ചചാര പൂർവാചരിതം രഘൂത്തമോ
രാജർഷിവര്യൈരഭിസേവിതം യഥാ 1

ശ്രീമഹാദേവൻ പറഞ്ഞു: അല്ലയോ പാർവ്വതീ, അതിനുശേഷം (സീതാപരിത്യാഗത്തിനുശേഷം) രഘുശ്രേഷ്ഠനായ ശ്രീരാമൻ ലോകമംഗളത്തിനായി സ്വീകരിച്ച ദിവ്യമംഗളമായ സ്വശരീരത്താൽ രാമായണത്തിൽ വർണ്ണിക്കപ്പെട്ട കീർത്തിയെ നേടിയിട്ട്, ജനകാദികളായ രാജർഷികൾ പണ്ട് ആചരിച്ചിരുന്നതായ രാജധർമ്മത്തെ അനുഷ്ഠിച്ചുവന്നു.

സൗമിത്രിണാ പൃഷ്ട ഉദാരബുദ്ധിനാ
രാമഃ കഥാഃ പ്രാഹ പുരാതനീഃ ശുഭാഃ
രാജ്ഞഃ പ്രമത്തസ്യ നൃഗസ്യ ശാപതോ
ദ്വിജസ്യ തിര്യക്ത്വമഥാഹ രാഘവഃ 2

ഉദാരബുദ്ധിയായ ലക്ഷ്മണൻ ആവശ്യപ്പെട്ടതനുസരിച്ച് ശ്രീരാമൻ പുരാതനങ്ങളും ശുഭകരവുമായ കഥകൾ പറഞ്ഞു. പ്രമാദം മൂലം നൃഗൻ എന്ന രാജാവ് ബ്രാഹ്മണശാപം നേടി നീചയോനിയിൽ (പല്ലിയായി) പിറന്ന കഥയും ശ്രീരാമൻ ലക്ഷ്മണനെ വർണ്ണിച്ചു കേൾപ്പിച്ചു.

കദാചിദേകാന്ത ഉപസ്ഥിതം പ്രഭും
രാമം രമാലാലിതപാദപങ്കജം
സൗമിത്രിരാസാദിതശുദ്ധഭാവനഃ
പ്രണമ്യ ഭക്ത്യാ വിനയാന്വിതോfബ്രവീത്[1] 3

ഒരിക്കൽ ഏകാന്തത്തിൽ ഇരിക്കുന്നവനും ലക്ഷ്മീദേവിയാൽ സേവിക്കപ്പെടുന്ന ചരണങ്ങളോടുകൂടിയവനുമായ ശ്രീരാമചന്ദ്ര പ്രഭുവിനെ പ്രണമിച്ച് ശുദ്ധമാനസനായ ലക്ഷ്മണൻ ഭക്തിയോടും വിനയത്തോടും ഇപ്രകാരം പറഞ്ഞു.

ത്വം ശുദ്ധബോധോfസി ഹി സർവദേഹിനാ-
മാത്മാസ്യധീശോfസി നിരാകൃതിഃ സ്വയം
പ്രതീയസേ ജ്ഞാനദൃശാം മഹാമതേ
പാദാബ്ജഭൃംഗാഹിതസംഗസംഗിനാം 4

അവിടുന്ന് ശുദ്ധബോധസ്വരൂപനാണ്. സകലജീവികളുടെയും ആത്മാവും, സകലതിന്റെയും ഈശനും അവിടുന്നു തന്നെയാണ്. അല്ലയോ മഹാമതേ! നിരാകാരസ്വരൂപനായ അങ്ങ് ജ്ഞാനദൃഷ്ടിയുള്ളവർക്കും അവിടുത്തെ പാദപത്മങ്ങളിൽ, താമരപ്പൂവിൽ കറുത്ത വണ്ടെന്നപോലെ, മനസ്സിനെ ഉറപ്പിച്ചവരായ പരമഭാഗവതന്മാരുമായുള്ള സംഗത്തിൽ ആസക്തരായവർക്കും അനുഭവവേദ്യനാകുന്നു.

അഹം പ്രപന്നോfസ്മി പദാംബുജം പ്രഭോ
ഭവാപവർഗം തവ യോഗിഭാവിതം

[1] സംസ്കൃതശ്ലോകങ്ങളിൽ അകാരത്തെ സൂചിപ്പിക്കുവാനുള്ള പ്രശ്ലേഷചിഹ്നം (f) ഉപയോഗിച്ചിട്ടുണ്ട്. അകാരത്തിൽ തുടങ്ങുന്ന ഒരു പദവുമായുള്ള സന്ധിയെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നതാണ് ഈ ചിഹ്നം. ഉദാഹരണത്തിന് സോfഹം എന്നത് സോഹം എന്നു വായിക്കാം. സഃ അഹം എന്നീ രണ്ടു പദങ്ങൾ ചേർന്നുണ്ടാകുന്നതാണ് 'സോfഹം' എന്നാണ് ഇവിടെ പ്രശ്ലേഷം സൂചിപ്പിക്കുന്നത്.

യഥാഞ്ജസാജ്ഞാനമപാരവാരിധിം
സുഖം തരിഷ്യാമി തഥാനുശാധി മാം 5

പ്രഭോ! ജീവനെ സംസാരസാഗരത്തിൽ നിന്ന് മോചിപ്പിക്കുന്നവയും, യോഗികൾ സദാ ധ്യാനിക്കുന്നവയുമായ അവിടുത്തെ പാദപത്മങ്ങളെ ഞാൻ ശരണം പ്രാപിക്കുന്നു. അപാരമായ അജ്ഞാനസമുദ്രത്തെ നിഷ്പ്രയാസം ഉടൻ തരണം ചെയ്യുവാനുള്ള ജ്ഞാനം അവിടുന്ന് എനിക്ക് ഉപദേശിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

ശ്രുത്വാഥ സൗമിത്രവചോഽഖിലം തദാ
പ്രാഹ പ്രപന്നാർതിഹരഃ പ്രസന്നധീഃ
വിജ്ഞാനമജ്ഞാനതമഃപ്രശാന്തയേ
ശ്രുതിപ്രപന്നം ക്ഷിതിപാലഭൂഷണഃ 6

ലക്ഷ്മണന്റെ വാക്കുകൾ കേട്ടിട്ട്, ആശ്രിതരുടെ ദുഃഖത്തെ ഹരിക്കുന്നവനും രാജകുലത്തിന് അലങ്കാരവുമായ ശ്രീരാമൻ പ്രസന്നമായ മനസ്സോടെ അജ്ഞാനാന്ധകാരത്തെ ശമിപ്പിക്കുന്നതും വേദോക്തവും വിശിഷ്ടവുമായ ജ്ഞാനം അവന് ഉപദേശിച്ചു.

ശ്രീരാമചന്ദ്ര ഉവാച –

ആദൗ സ്വവർണാശ്രമവർണിതാഃ ക്രിയാഃ
കൃത്വാ സമാസാദിതശുദ്ധമാനസഃ
സമാപ്യ തത്പൂർവമുപാത്തസാധനഃ
സമാശ്രയേത്സദ്ഗുരുമാത്മലബ്ധയേ 7

ശ്രീരാമചന്ദ്രൻ പറഞ്ഞു: ആദ്യം സ്വന്തം വർണ്ണത്തിനും ആശ്രമത്തിനും (ബ്രാഹ്മണാദി വർണ്ണങ്ങൾക്കും ബ്രഹ്മചര്യാദി ആശ്രമങ്ങൾക്കും) അനുയോജ്യമായ കർമ്മങ്ങൾ അനുഷ്ഠിച്ച് ചിത്തശുദ്ധി

സമ്പാദിച്ചിട്ട്, ജ്ഞാനലബ്ധിയ്ക്കാവശ്യമായ യോഗ്യതകൾ നേടിയതിനുശേഷം ആത്മജ്ഞാനം നേടുന്നതിനായി സദ്ഗുരുവിനെ യഥാവിധി ആശ്രയിക്കണം.

ക്രിയാ ശരീരോദ്ഭവഹേതുരാദൃതാ
പ്രിയാപ്രിയൗ തൗ ഭവതഃ സുരാഗിണഃ
ധർമേതരൗ തത്ര പുനഃ ശരീരകം
പുനഃ ക്രിയാ ചക്രവദീര്യതേ ഭവഃ 8

ജീവന് ശരീരം ലഭിക്കുന്നതിനുള്ള കാരണം കർമ്മമാണെന്നു കരുതപ്പെടുന്നു. ശരീരത്തിൽ ആസക്തിയുള്ളവന് വിഷയങ്ങളിൽ പ്രിയവും അപ്രിയവും ഉണ്ടാകുന്നു. ഇതുമൂലം ജീവൻ ധർമ്മവും അധർമ്മവും ആചരിക്കുന്നു. അതു വീണ്ടും ശരീരപ്രാപ്തിയ്ക്കു കാരണമാകുന്നു. അടുത്ത ജന്മത്തിൽ വീണ്ടും കർമ്മാനുഷ്ഠാനവും അതുമൂലം പുനർജ്ജന്മവുമുണ്ടാകുന്നു. ഇപ്രകാരം ജനനമരണരൂപമായ സംസാരം ഒരു ചക്രം പോലെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

അജ്ഞാനമേവാസ്യ ഹി മൂലകാരണം
തദ്ധാനമേവാത്ര വിധൗ വിധീയതേ
വിദ്യൈവ തന്നാശവിധൗ പടീയസീ
ന കർമ തജ്ജം സവിരോധമീരിതം 9

ഈ സംസാരത്തിന്റെ മൂലകാരണം അജ്ഞാനമാണ്. അജ്ഞാനത്തെ നശിപ്പിക്കുകയാണ് സംസാരത്തിൽനിന്നുള്ള മോചനത്തിനുള്ള ഉപായമെന്നു പറയപ്പെടുന്നു. അജ്ഞാനനാശത്തിനുള്ള ഉപായം ജ്ഞാനമാകുന്നു. കർമ്മം അജ്ഞാനത്തി!ൽനിന്നുണ്ടാകുന്നതാണ്. അതിന് അജ്ഞാനവുമായി വിരോധമില്ല. അതുകൊണ്ട് അതിന് അജ്ഞാനത്തെ നശിപ്പിക്കുവാനാവില്ലെന്നു സാരം.

നാജ്ഞാനഹാനിർന ച രാഗസംക്ഷയോ
ഭവേത്തതഃ കർമ സദോഷമുദ്ഭവേത്
തതഃ പുനഃ സംസൃതിരപ്യവാരിതാ
തസ്മാദ്ബുധോ ജ്ഞാനവിചാരവാൻ ഭവേത് 10

കർമ്മാനുഷ്ഠാനം കൊണ്ട് അജ്ഞാനം നശിക്കുകയോ വിഷയാസക്തി ക്ഷയിക്കുകയോ ഇല്ല. നേരെ മറിച്ച്, അതു മൂലം ദോഷകരമായ കർമ്മങ്ങൾ ഉദ്ഭവിക്കും. അതുകാരണം സംസാരം അനിയന്ത്രിതമായി തുടരുകയും ചെയ്യും. (അജ്ഞാനത്തിൽ നിന്നു ളവാകുന്ന കർമ്മത്തിന്റെ ഫലമായി ജീവൻ ഉച്ചനീചയോനികളിൽ വീണ്ടും വീണ്ടും ജനിച്ചു മരിച്ച് സംസാരബദ്ധനായി തുടരുന്നു വെന്നു സാരം). അതുകൊണ്ട് ബുദ്ധിമാനായ ഒരുവൻ വിചാര മാർഗ്ഗത്തെ അവലംബിക്കേണ്ടതാണ്.

നനു ക്രിയാ വേദമുഖേന ചോദിതാ
തഥൈവ വിദ്യാ പുരുഷാർഥസാധനം
കർതവ്യതാ പ്രാണഭൃതഃ പ്രചോദിതാ
വിദ്യാസഹായത്വമുപൈതി സാ പുനഃ 11

(ഈ സന്ദർഭത്തിൽ ശ്രീരാമചന്ദ്രൻ മേൽപറഞ്ഞ സിദ്ധാന്തത്തി നെതിരായി സാധാരണയായി പ്രതിയോഗികൾ ഉന്നയിക്കാറുള്ള ജ്ഞാനകർമ്മസമുച്ചയം എന്ന വാദം അവതരിപ്പിക്കുന്നു.) എന്നാൽ മോക്ഷസാധനമായി ജ്ഞാനത്തെ ഉപദേശിക്കുന്ന വേദങ്ങൾ തന്നെ യാണല്ലോ കർമ്മങ്ങളും അനുഷ്ഠിക്കുവാൻ അനുശാസിച്ചിട്ടുള്ളത്. പ്രാണനുള്ളിടത്തോളം കാലം എല്ലാവരും വേദോക്തമായ കർമ്മ ങ്ങൾ അനുഷ്ഠിക്കണം. അതിനാൽ കർമ്മം ജ്ഞാനത്തിന് സഹ കാരിയാണ് (സഹായിയാണ്).

കർമാകൃതൗ ദോഷമപി ശ്രുതിർജഗൗ
തസ്മാത്സദാ കാര്യമിദം മുമുക്ഷുണാ
നനു സ്വതന്ത്രാ ധ്രുവകാര്യകാരിണീ
വിദ്യാ ന കിഞ്ചിന്മനസാപ്യപേക്ഷതേ 12

കർത്തവ്യമായ കർമ്മത്തെ ചെയ്യാതിരിക്കുന്നവന് പാപമേൽക്കുമെന്ന് ശ്രുതി (വേദങ്ങൾ) പറയുന്നു. അതുകൊണ്ട് മോക്ഷം ഇച്ഛിക്കുന്ന ഒരുവൻ സദാ കർത്തവ്യകർമ്മം അനുഷ്ഠിക്കണം. *(കഴിഞ്ഞ ശ്ലോകവും ഈ ശ്ലോകത്തിലെ ഇതുവരെയുള്ള ഭാഗവും പൂർവ്വപക്ഷമാണ്. തുടർന്നുള്ള ഭാഗം അതിനുള്ള മറുപടിയാണ്.)* എന്നാൽ മോക്ഷം നേടുന്നതിന് ജ്ഞാനം തീർച്ചയായും സ്വതന്ത്രമായ ഒരു ഉപായമാണ്. ജ്ഞാനത്തിന് കർമ്മത്തിന്റെ യാതൊരു സഹായവും മനസ്സുകൊണ്ടുപോലും ആവശ്യമില്ല.

ന സത്യകാര്യോഽപി ഹി യദ്വദധ്വരഃ
പ്രകാംക്ഷതേഽന്യാനപി കാരകാദികാൻ
തഥൈവ വിദ്യാ വിധിതഃ പ്രകാശിതൈ-
ർവിശിഷ്യതേ കർമഭിരേവ മുക്തയേ 13

(പ്രതിയോഗിയുടെ വാദം തുടരുന്നു) സത്ഫലത്തെ ഉണ്ടാക്കുന്നതാണെങ്കിലും യജ്ഞത്തിന് മറ്റു സഹകാരി കാരണങ്ങൾ (കാലം, ദേശം, മുതലായവ) ആവശ്യമാണ്. അതുപോലെ കർമ്മങ്ങളുടെ സഹായത്താൽ വേണ്ടപോലെ പ്രകാശിപ്പിക്കപ്പെടുന്ന വിദ്യയും (ജ്ഞാനവും) മുക്തിയ്ക്കു കാരണമാകുന്നു.

കേചിദ്വദന്തീതി വിതർകവാദിന-
സ്തദപ്യസദ്ദൃഷ്ടവിരോധകാരണാത്
ദേഹാഭിമാനാദഭിവർധതേ ക്രിയാ
വിദ്യാ ഗതാഹങ്കൃതിതഃ പ്രസിദ്ധ്യതി 14

തെറ്റായ തർക്കത്തെ അവലംബിക്കുന്ന ചിലർ ഇപ്രകാരം (മോക്ഷ പ്രാപ്തിയ്ക്ക് കർമ്മം ജ്ഞാനത്തിന്റെ സഹായിയാണ് എന്ന്) വാദിക്കുന്നുണ്ട്. എന്നാൽ അതു ശരിയല്ല. എന്തെന്നാൽ ജ്ഞാനവും കർമ്മവും തമ്മിൽ വൈരുദ്ധ്യം കാണപ്പെടുന്നുണ്ട്. (പരസ്പര വിരോധികളായ രണ്ടു വസ്തുക്കളിൽ ഒന്നു മറ്റൊന്നിന് സഹായിയാകില്ല എന്നു സാരം). ദേഹാഭിമാനം മൂലം (ഞാൻ ശരീരമാണ് എന്ന ബോധം കൊണ്ട്) കർമ്മം വർദ്ധിക്കുന്നു. എന്നാൽ ദേഹാഭിമാനം പോകുമ്പോഴാണ് വിദ്യ (ജ്ഞാനം) ഉണ്ടാകുന്നത്.

വിശുദ്ധവിജ്ഞാനവിരോചനാഞ്ചിതാ
വിദ്യാത്മവൃത്തിശ്ചരമേതി ഭണ്യതേ
ഉദേതി കർമാഖിലകാരകാദിഭി-
ർനിഹന്തി വിദ്യാഖിലകാരകാദികം 15

വിശുദ്ധമായ ജ്ഞാനത്തിൽ രമിക്കുന്നതും ഒടുവിൽ വർത്തിക്കുന്നതുമായ ആത്മാകാരവൃത്തിയാണ് വിദ്യയെന്നു പറയപ്പെടുന്നത്. കർത്താവ്, കരണം, കാലം, ദേശം തുടങ്ങിയ കാരകങ്ങൾ മൂലം കർമ്മം ഉണ്ടാകുന്നു. എന്നാൽ വിദ്യയാകട്ടെ (ജ്ഞാനമാകട്ടെ) സകല കാരകങ്ങളെയും ഇല്ലാതാക്കുന്നു.

തസ്മാത്ത്യജേത്കാര്യമശേഷതഃ സുധീ-
ർവിദ്യാവിരോധാന്ന സമുച്ചയോ ഭവേത്
ആത്മാനുസന്ധാനപരായണഃ സദാ
നിവൃത്തസർവേന്ദ്രിയവൃത്തിഗോചരഃ 16

അതുകൊണ്ട് ബുദ്ധിമാൻ കർമ്മത്തെ ത്യജിക്കേണ്ടതാണ്. കർമ്മത്തിന് വിദ്യയുമായുള്ള (ജ്ഞാനവുമായുള്ള) വൈരുദ്ധ്യം മൂലം അവയുടെ സമുച്ചയം സാദ്ധ്യമല്ല. ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ

നിന്നു പിന്തിരിപ്പിച്ച് സദാ ആത്മാനുസന്ധാനത്തിൽ മാത്രം വ്യാപൃതനാകണം.

(10 മുതൽ 16 വരെയുള്ള ശ്ലോകങ്ങളിൽ ജ്ഞാനകർമ്മസമുച്ചയം എന്ന വാദം ഖണ്ഡിക്കപ്പെട്ടു).

യാവച്ഛാരീരാദിഷു മായയാത്മധീ–
സ്താവദ്വിധേയോ വിധിവാദകർമണാം
നേതീതി വാക്യൈരഖിലം നിഷിധ്യ തത്
ജ്ഞാത്വാ പരാത്മാനമഥ ത്യജേത്ക്രിയാഃ 17

മായയുടെ പ്രഭാവത്താൽ ശരീരം, മനസ്സ്, മുതലായവയിൽ 'ഇതു ഞാനാണ്' എന്ന ബോധം ഇരിക്കുന്നിടത്തോളം കാലം മാത്രമാണ് വേദോക്തകർമ്മങ്ങൾ വിഹിതമായിട്ടുള്ളത്. 'നേതി, നേതി' (ഇതു ഞാനല്ല, ഇതു ഞാനല്ല) എന്ന വാക്യത്താൽ ശരീരാദികളോടുള്ള താദാത്മ്യത്തെ നിഷേധിച്ചിട്ട് പരമാത്മാവിനെ അറിഞ്ഞിട്ട് സകല കർമ്മങ്ങളെയും ത്യജിക്കണം.

യദാ പരാത്മാത്മവിഭേദഭേദകം
വിജ്ഞാനമാത്മന്യവഭാതി ഭാസ്വരം
തദൈവ മായാ പ്രവിലീയതേഽഞ്ജസാ
സകാരകാ കാരണമാത്മസംസൃതേഃ 18

എപ്പോഴാണോ ജീവാത്മാവും പരമാത്മാവും ഭിന്നരാണെന്നുള്ള തോന്നലിനെ അകറ്റുന്ന ജ്ഞാനം ബുദ്ധിയിൽ പ്രകാശിക്കുന്നത്, അപ്പോൾത്തന്നെ ജീവന്റെ സംസാരത്തിനു കാരണമായിരുന്ന മായ അതിന്റെ എല്ലാ കാര്യങ്ങളോടുംകൂടി വിലയിക്കുന്നു.

ശ്രുതിപ്രമാണാഭിവിനാശിതാ ച സാ
കഥം ഭവിഷത്യപി കാര്യകാരിണീ
വിജ്ഞാനമാത്രാദമലാദ്വിതീയത-
സ്തസ്മാദവിദ്യാ ന പുനർഭവിഷ്യതി 19

ശ്രുതിനിർദ്ദിഷ്ടമായ ജ്ഞാനത്താൽ നശിപ്പിക്കപ്പെട്ടുകഴിഞ്ഞ സംസാരകാരിണിയായ മായയ്ക്ക് പിന്നെ എങ്ങനെ വീണ്ടും നിലവിൽ വരുവാൻ സാധിക്കും? ശുദ്ധവും, അദ്വിതീയവുമായ അപരോക്ഷജ്ഞാനത്താൽ നാശമടഞ്ഞ മായ വീണ്ടും ഉണ്ടാകുക യില്ല.

യദി സ്മ നഷ്ടാ ന പുനഃ പ്രസൂയതേ
കർതാഹമസ്യേതി മതിഃ കഥം ഭവേത്
തസ്മാത്സ്വതന്ത്രാ ന കിമപ്യപേക്ഷതേ
വിദ്യാ വിമോക്ഷായ വിഭാതി കേവലാ 20

ഒരിക്കൽ നാശമടഞ്ഞ മായ തിരിച്ചുവരാത്ത സ്ഥിതിയ്ക്ക് ജ്ഞാനി യ്ക്ക് ‘ഞാൻ കർത്താവാണ്’ എന്ന തോന്നൽ ഉണ്ടാകുന്നതെ ങ്ങനെ? (ഒരിക്കലുമില്ല എന്നർത്ഥം). അതുകൊണ്ട് ജ്ഞാനം മുക്തിയ്ക്കുള്ള സ്വതന്ത്രമായ കാരണമാണ്. മോക്ഷത്തിന് കാരണമാകുവാൻ ജ്ഞാനത്തിന് വേറെ ഒന്നും ആവശ്യമില്ല. മുക്തിയ്ക്ക് ജ്ഞാനം മാത്രം മതിയാകും.

സാ തൈത്തിരീയശ്രുതിരാഹ സാദരം
ന്യാസം പ്രശസ്താഖിലകർമണാം സ്ഫുടം
ഏതാവദിത്യാഹ ച വാജിനാം ശ്രുതി-
ർജ്ഞാനം വിമോക്ഷായ ന കർമ സാധനം 21

മുമുക്ഷു (മോക്ഷമിച്ഛിക്കുന്നവൻ) സകല കർമ്മങ്ങളെയും ത്യജിക്കണമെന്ന് തൈത്തിരീയശ്രുതി വ്യക്തമായി ഉദ്ഘോഷിക്കുന്നു. മോക്ഷസാധനം ജ്ഞാനമാണ് കർമ്മമല്ലെന്ന് ബൃഹദാരണ്യകോപനിഷത്തും പറയുന്നു. (തൈത്തിരീയ ആരണ്യകത്തിലെ (10.10) 'ന കർമ്മണാ ന പ്രജയാ ധനേന ത്യാഗേനൈകേ അമൃതത്വമാനശുഃ' എന്ന മന്ത്രവും, ബൃഹദാരണ്യകോപനിഷത്തിലെ (4.5.15) 'ഏതാവദരേ ഖല്വമൃതത്വം' എന്ന മന്ത്രവുമാണ് ഈ ശ്ലോകത്തിൽ സൂചിപ്പിച്ചിട്ടുള്ളത്).

വിദ്യാസമത്വേന തു ദർശിതസ്ത്വയാ
ക്രതുർന ദൃഷ്ടാന്ത ഉദാഹൃതഃ സമഃ
ഫലൈഃ പൃഥക്ത്വാദ് ബഹുകാരകൈഃ ക്രതുഃ
സംസാധ്യതേ ജ്ഞാനമതോ വിപര്യയം 22

(ഇനിയുള്ള രണ്ടു ശ്ലോകങ്ങൾ ജ്ഞാനകർമ്മസമുച്ചയവാദിയെ ഉദ്ദേശിച്ചുള്ളതാണ്) ജ്ഞാനത്തിനു സമാനമായി നിങ്ങൾ യജ്ഞത്തിനെ ചൂണ്ടിക്കാണിച്ചു (ശ്ലോകം 13). എന്നാൽ അതിനുചിതമായ ഉദാഹരണം പറയുകയുണ്ടായില്ല. രണ്ടിന്റെയും ഫലങ്ങൾ വ്യത്യസ്തമാണ്. യജ്ഞാനുഷ്ഠാനത്തിന് നിരവധി കാരകങ്ങൾ (യജ്ഞകർത്താവ്, യജ്ഞോപകരണങ്ങൾ തുടങ്ങിയവ) ആവശ്യമാണ്. എന്നാൽ ജ്ഞാനത്തിന്റെ കാര്യം ഇതിൽനിന്നു ഭിന്നമാണ്.

സപ്രത്യവായോ ഹ്യഹമിത്യനാത്മധീ-
രജ്ഞപ്രസിദ്ധാ ന തു തത്ത്വദർശിനഃ
തസ്മാദ്ബുധൈസ്ത്യാജ്യമവിക്രിയാത്മഭി-
ർവിധാനതഃ കർമ വിധിപ്രകാശിതം 23

അനാത്മാവായ ശരീരം, മനസ്സ്, മുതലായവയാണു ഞാൻ എന്നു കരുതുന്ന അജ്ഞാനിയെ മാത്രമാണ് വേദോക്തമായ കർമ്മം

ചെയ്യാതിരുന്നാൽ വന്നുചേരുന്ന 'പ്രത്യവായം' എന്ന പാപം ബാധിക്കുന്നത്. തത്ത്വദർശിയായ ജ്ഞാനിയെ ഇതു ബാധിക്കുന്നില്ല. അതുകൊണ്ട് ജ്ഞാനി വിഹിതകർമ്മങ്ങളെയും ഉപേക്ഷിക്കേണ്ടതാണ്. വിഹിതകർമ്മങ്ങൾ അവയുടെ ഫലത്തിൽ ആസക്തിയുള്ളവരെ മാത്രം ഉദ്ദേശിച്ചുള്ളവയാണ്.

ശ്രദ്ധാന്വിതസ്തത്ത്വമസീതി വാക്യതോ
ഗുരോഃ പ്രസാദാദപി ശുദ്ധമാനസഃ
വിജ്ഞായ ചൈകാത്മ്യമഥാത്മജീവയോഃ
സുഖീ ഭവേന്മേരുരിവാപ്രകമ്പനഃ **24**

ഗുരുകൃപയാൽ അവിടുത്തെ മുഖത്തുനിന്ന് ശുദ്ധമാനസനായി ശ്രദ്ധാപൂർവ്വം 'തത്വമസി' (നീ ബ്രഹ്മമാകുന്നു) എന്ന മഹാവാക്യം ശ്രവിച്ചിട്ട് ജീവാത്മപരമാത്മൈക്യം അറിഞ്ഞ് സുഖിമാനും, മേരുവിനെപ്പോലെ അചഞ്ചലനുമാകൂ.

ആദൗ പദാർഥാവഗതിർഹി കാരണം
വാക്യാർഥവിജ്ഞാനവിധൗ വിധാനതഃ
തത്ത്വം പദാർഥൗ പരമാത്മജീവകാ-
വസീതി ചൈകാത്മ്യമഥാനയോർഭവേത് **25**

(തത്വമസി എന്ന) മഹാവാക്യത്തിന്റെ പൊരുളറിയുന്നതിന് ആദ്യമായി ആ വാക്യത്തിലെ പദങ്ങളുടെ അർത്ഥം യഥാവിധി അറിയുകയാണ് വേണ്ടത്. തത്, ത്വം (അത്, നീ) എന്നീ വാക്കുകൾ യഥാക്രമം പരമാത്മാവിനെയും ജീവാത്മാവിനെയും കുറിക്കുന്നു. 'അസി' എന്ന പദം ഇവ രണ്ടിന്റെയും ഐക്യത്തെയും വ്യക്തമാക്കുന്നു.

പ്രത്യക്പരോക്ഷാദി വിരോധമാത്മനോ-
ർവിഹായ സംഗൃഹ്യ തയോശ്ചിദാത്മതാം
സംശോധിതാം ലക്ഷണയാ ച ലക്ഷിതാം
ജ്ഞാത്വാ സ്വമാത്മാനമഥാദ്വയോ ഭവേത് 26

ജീവാത്മപരമാത്മാക്കളുടെ വിരുദ്ധസ്വഭാവങ്ങളായ പ്രത്യക്ഷത്വം, പരോക്ഷത്വം മുതലായവയെ നിഷേധിച്ച്, ഭാഗത്യാഗലക്ഷണ ഉപയോഗിച്ച് അവയുടെ ചൈതന്യസ്വരൂപത്തെ പരിശോധിച്ച് സ്വയം അറിഞ്ഞ് അദ്വയനായി ഭവിക്കൂ.

(ജീവാത്മാവ് പ്രത്യക്ഷനും, കിഞ്ചിജ്ഞനും, സംസാരിയും പരിമിതനും അപൂർണ്ണനും ആയിരിക്കെ പരമാത്മാവ് പരോക്ഷനും, സർവ്വജ്ഞനും, നിത്യമുക്തനും, അപരിമിതനും, പൂർണ്ണനുമാണ്. എന്നാൽ ഈ വ്യത്യാസങ്ങളെല്ലാം അവയുടെ ഉപാധിതലത്തിൽ മാത്രമാണ്. ശരീരമനോബുദ്ധികളാകുന്ന ഉപാധികൾക്കതീതമായ ചൈതന്യത്തെ കണക്കിലെടുത്താൽ ജീവാത്മാവും പരമാത്മാവും തമ്മിൽ യാതൊരു ഭേദവുമില്ല. മഹാവാക്യവിചാരം എന്ന പ്രക്രിയയിലൂടെയാണ് ഇതു നിശ്ചയിക്കുന്നത്. ഇതെങ്ങനെയാണ് ചെയ്യേണ്ടതെന്ന് അടുത്ത ശ്ലോകത്തിൽ വിവരിക്കുന്നു).

ഏകാത്മകത്വാജ്ജഹതീ ന സംഭവേ-
ത്തഥാജഹല്ലക്ഷണതാ വിരോധതഃ
സോഽയമ്പദാർഥാവിവ ഭാഗലക്ഷണാ
യുജ്യേത തത്ത്വംപദയോരദോഷതഃ 27

ജീവാത്മപരമാത്മാക്കളുടെ അഭിന്നത കാരണം ഈ പ്രകൃതത്തിൽ ജഹതീ എന്ന ലക്ഷണ അനുയോജ്യമല്ല. അതുപോലെ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള വൈരുദ്ധ്യം കാരണം അജഹൽ ലക്ഷണയും ഈ സന്ദർഭത്തിൽ യുക്തമല്ല. 'അവൻ ഇവനാണ്'

എന്ന വാക്യത്തിന്റെ അർത്ഥം നിർണ്ണയിക്കാനുപയോഗിക്കുന്ന ഭാഗലക്ഷണ അഥവാ ഭാഗത്യാഗലക്ഷണയാണ് തത്, ത്വം എന്നീ പദങ്ങളുടെ അർത്ഥം ശരിയായി നിർണ്ണയിക്കുന്നതിന് അനുയോജ്യമായത്.

(തത്വമസി എന്ന വാക്യത്തിലെ തത്, ത്വം എന്നീ പദങ്ങളുടെ അർത്ഥം നിർണ്ണയിച്ചശേഷം അസി പദത്തിന്റെ അർത്ഥം നിശ്ചയിക്കുവാൻ ലക്ഷണ ഉപയോഗിച്ച് വിശകലനം ചെയ്യണം. അപ്പോൾ ഭാഗത്യാഗലക്ഷണയാണ് ഈ സന്ദർഭത്തിൽ പ്രസക്തം എന്നറിയാൻ കഴിയും. സോഽയം ദേവദത്തഃ എന്ന പ്രസിദ്ധമായ ദൃഷ്ടാന്തമാണ് ഭാഗത്യാഗലക്ഷണയ്ക്ക് ഉദാഹരണമായി സ്വീകരിക്കുന്നത്. 'താൻ നേരത്തെ പറഞ്ഞു കേട്ടിട്ടുള്ള ദേവദത്തനാണ് തന്റെ മുന്നിൽ നിൽക്കുന്ന ഈ പുരുഷൻ' എന്നു നിശ്ചയിക്കുന്നതിന് ഭാഗത്യാഗലക്ഷണ ആവശ്യമാണ്. ഈ ലക്ഷണ അനുസരിച്ച് മഹാവാക്യത്തെ വിശകലനം ചെയ്യുമ്പോൾ, ജീവാത്മാവും പരമാത്മാവും തമ്മിൽ ഭേദമുള്ള അംശങ്ങളെ ത്യജിച്ചിട്ട് അവ തമ്മിൽ ഭേദമില്ലാത്ത അംശമായ ചൈതന്യത്തെ മാത്രം സ്വീകരിക്കുന്നു. അതോടെ ജീവാത്മപരമാത്മൈക്യം സിദ്ധമാകുന്നു.)

രസാദിപഞ്ചീകൃതഭൂതസംഭവം
ഭോഗാലയം ദുഃഖസുഖാദികർമണാം
ശരീരമാദ്യന്തവദാദികർമജം
മായാമയം സ്ഥൂലമുപാധിമാത്മനഃ **28**

സൂക്ഷ്മം മനോബുദ്ധിദശേന്ദ്രിയൈര്യുതം
പ്രാണൈരപഞ്ചീകൃതഭൂതസംഭവം
ഭോക്തുഃ സുഖാദേരനുസാധനം ഭവേ-
ച്ഛരീരമന്യദ്വിദുരാത്മനോ ബുധാഃ **29**

ഭൂമി മുതലായ പഞ്ചഭൂതങ്ങളിൽനിന്നുണ്ടായതും, ജീവന് സ്വകർമ്മ ഫലമായുള്ള സുഖദുഃഖാദികളനുഭവിക്കാനുള്ള ഇടവും, ജനന മരണങ്ങളുള്ളതും, കർമ്മഫലം ഹേതുവായി ഉണ്ടാകുന്നതും മായാമയവുമായ ശരീരം സ്ഥൂലശരീരമെന്നും, മനസ്സ്, ബുദ്ധി, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു കർമ്മേന്ദ്രിയങ്ങൾ, പ്രാണന്മാർ എന്നിവയോടുകൂടിയതും, സൂക്ഷ്മമായ പഞ്ചഭൂതങ്ങളിൽനിന്നുണ്ടായതും, സ്ഥൂലശരീരത്തോടു ചേർന്നിരിക്കുമ്പോൾ സുഖദുഃഖങ്ങൾ അനുഭവിക്കുന്നതിനുള്ള ഉപകരണവുമായ ശരീരം ജീവന്റെ സൂക്ഷ്മശരീരമെന്നും ജ്ഞാനികൾ അറിയുന്നു.

അനാദ്യനിർവാച്യമപീഹ കാരണം
മായാപ്രധാനം തു പരം ശരീരകം
ഉപാധിഭേദാത്തു യതഃ പൃഥക്സ്ഥിതം
സ്വാത്മാനമാത്മന്യവധാരയേത്ക്രമാത് 30

ആദിയില്ലാത്തതും, സത്യമോ അസത്യമോ എന്നു നിർവ്വചിക്കാനാവാത്തതും, അജ്ഞാനരൂപവും സ്ഥൂലസൂക്ഷമശരീരങ്ങളേക്കാൾ ശ്രേഷ്ഠവുമായ മൂന്നാമതൊരു ശരീരമുണ്ട്. അതാണ് കാരണ ശരീരം. ഈ മൂന്നു ശരീരങ്ങളിൽനിന്നും ഭിന്നനായ ആത്മാവിൽ അവയെ ക്രമത്തിൽ വിലയിപ്പിക്കുക.

കോശേഷ്വയം തേഷു തു തത്തദാകൃതി-
ർവിഭാതി സംഗാത്സ്ഫടികോപലോ യഥാ
അസംഗരൂപോഽയമജോ യതോഽദ്വയോ
വിജ്ഞായതേഽസ്മിൻ പരിതോ വിചാരിതേ 31

ചുവന്ന പുഷ്പത്തിനോട് ചേർന്നിരിക്കുന്ന ഒരു സ്ഫടികക്കല്ല് ചുവന്ന നിറമുള്ളതായി കാണപ്പെടുന്നതുപോലെ. പഞ്ചകോശങ്ങളുമായുള്ള സാമീപ്യംമൂലം ആത്മാവിനും അവയുടെ ഗുണങ്ങളുള്ള

തായി തോന്നപ്പെടുന്നു. ശരിയായി വിചാരം ചെയ്യുമ്പോൾ ആത്മാവ് അസംഗനും, ജനനമില്ലാത്തവനും, അദ്വയനുമാണെന്ന ജ്ഞാനമുണ്ടാകുന്നു.

ബുദ്ധേസ്ത്രിധാ വൃത്തിരപീഹ ദൃശ്യതേ
സ്വപ്നാദിഭേദേന ഗുണത്രയാത്മനഃ
അന്യോന്യതോഽസ്മിന്വ്യഭിചാരിതോ മൃഷാ
നിത്യേ പരേ ബ്രഹ്മണി കേവലേ ശിവേ 32

ത്രിഗുണങ്ങളുടെ പ്രഭാവത്താൽ ബുദ്ധിയ്ക്ക് ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നിങ്ങനെ മൂന്നു വൃത്തികൾ അനുഭവപ്പെടുന്നു. എന്നാൽ അവ പരസ്പരം ഖണ്ഡിക്കുന്നതിനാൽ, അവ മൂന്നും നിത്യനും കേവലനും ശിവസ്വരൂപനുമായ പരമാത്മാവിൽ അനുഭവ പ്പെടുന്ന മിഥ്യ മാത്രമാണ്.

ദേഹേന്ദ്രിയപ്രാണമനശ്ചിദാത്മനാം
സംഘാദജസ്രം പരിവർതതേ ധിയഃ
വൃത്തിസ്തമോമൂലതയാജ്ഞലക്ഷണാ
യാവദ്ഭവേത്താവദസൗ ഭവോദ്ഭവഃ 33

തമോഗുണാധിക്യത്താൽ അജ്ഞാനത്തിനു വശപ്പെട്ട് ബുദ്ധിയുടെ വൃത്തി ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ്സ്, ചൈതന്യരൂപനായ ജീവൻ എന്നിവയുടെ സംഘാതവുമായി താദാത്മ്യം പ്രാപിച്ച് നിരന്തരം മാറിക്കൊണ്ടിരിക്കുന്നിടത്തോളം കാലം ജീവന് ഈ സംസാരം നിലനിൽക്കുകതന്നെ ചെയ്യും.

നേതിപ്രമാണേന നിരാകൃതാഖിലോ
ഹൃദാ സമാസ്വാദിതചിദ്ഘനാമൃതഃ

ത്യജേദശേഷം ജഗദാത്തസദ്രസം
പീത്വാ യഥാംഭഃ പ്രജഹാതി തത്ഫലം 34

മധുരമായ കരിക്കിൻനീർ കുടിച്ചിട്ട് കരിക്ക് ഉപേക്ഷിക്കുന്നതു പോലെ നേതി നേതി എന്ന ശ്രുതിവാക്യത്താൽ എല്ലാ ഉപാധി കളുമായുള്ള താദാത്മ്യം നിരാകരിച്ച് അമൃതസ്വരൂപവും ശുദ്ധ ചൈതന്യവുമായ ആത്മാവാണു താൻ എന്നറിഞ്ഞ് ആത്മസത്ത യുടെ ആനന്ദരസം സ്വഹൃത്തിൽ ആസ്വദിച്ച് ജ്ഞാനി സകല ജഗത്തിനെയും ത്യജിക്കണം.

കദാചിദാത്മാ ന മൃതോ ന ജായതേ
ന ക്ഷീയതേ നാപി വിവർധതേ ƒനവഃ
നിരസ്തസർവാതിശയഃ സുഖാത്മകഃ
സ്വയംപ്രഭഃ സർവഗതോ ƒയമദ്വയഃ 35

ആത്മാവ് ഒരിക്കലും മരിക്കുകയോ, ജനിക്കുകയോ, ക്ഷയിക്കുക യോ, വളരുകയോ ചെയ്യുന്നില്ല. ആത്മാവ് പുതിയതോ പഴയതോ അല്ല (കാലാതീതനാണെന്നു സാരം). ആത്മാവ് സർവ്വശ്രേഷ്ഠനും, സുഖസ്വരൂപനും, സ്വയം പ്രകാശിക്കുന്നവനും (തന്നെ അറിയുവാൻ മറ്റൊന്നിന്റെ ആവശ്യമില്ലാത്തവനും), സർവ്വവ്യാപിയും അദ്വയനു മാണ്.

ഏവംവിധേ ജ്ഞാനമയേ സുഖാത്മകേ
കഥം ഭവോ ദുഃഖമയഃ പ്രതീയതേ
അജ്ഞാനതോ ƒധ്യാസവശാത്പ്രകാശതേ
ജ്ഞാനേ വിലീയേത വിരോധതഃ ക്ഷണാത് 36

ഇപ്രകാരമുള്ള ജ്ഞാനമയനും സുഖസ്വരൂപനുമായ ആത്മാവിൽ ദുഃഖമയമായ സംസാരം കാണപ്പെടുന്നതെങ്ങനെ? അജ്ഞാനം

മൂലം ഉണ്ടാകുന്ന അധ്യാസം ഹേതുവായിട്ടാണ് ഇതു സംഭവിക്കുന്നത്. ജ്ഞാനം ഉദിക്കുമ്പോൾ അതുമായുള്ള വൈരുധ്യം മൂലം സംസാരം തത്ക്ഷണം വിലയിക്കുന്നു.

യദന്യദന്യത്ര വിഭാവ്യതേ ഭ്രമാ-
ദധ്യാസമിത്യാഹുരമും വിപശ്ചിതഃ
അസർപഭൂതേ*f*ഹിവിഭാവനം യഥാ
രജ്ജ്വാദികേ തദ്വദപീശ്വരേ ജഗത് 37

ഭ്രമം മൂലം ഒരു വസ്തുവിൽ മറ്റൊന്നിനെ ഭാവന ചെയ്യുന്നതിനെ ജ്ഞാനികൾ അദ്ധ്യാസം എന്നു പറയുന്നു. സർപ്പമല്ലാത്ത കയർ, പൂമാല മുതലായവയിൽ പാമ്പിനെയും ഈശ്വരനിൽ ജഗത്തിനെയും വിഭാവനം ചെയ്യുന്നത് ഇത്തരത്തിലുള്ള അദ്ധ്യാസമാണ്.

വികല്പമായാരഹിതേ ചിദാത്മകേ*f*-
ഹങ്കാര ഏഷ പ്രഥമഃ പ്രകൽപിതഃ
അധ്യാസ ഏവാത്മനി സർവകാരണേ
നിരാമയേ ബ്രഹ്മണി കേവലേ പരേ 38

വികല്പവും, മായയുമില്ലാത്തതും ചൈതന്യാത്മകവും, സർവ്വകാരണവും, നിരാമയവും, കേവലവും, പരമവുമായ ആത്മാവിൽ ആദ്യം അഹങ്കാരം കല്പിക്കപ്പെടുന്നു. ഇതാണ് അദ്ധ്യാസത്തിന്റെ ആരംഭം.

ഇച്ഛാദിരാഗാദി സുഖാദിധർമികാഃ
സദാ ധിയഃ സംസൃതിഹേതവഃ പരേ
യസ്മാത്പ്രസുപ്തൗ തദഭാവതഃ പരഃ
സുഖസ്വരൂപേണ വിഭാവ്യതേ ഹി നഃ 39

ബുദ്ധിയുടെ ധർമ്മങ്ങളായ ഇച്ഛ, രാഗം, സുഖം എന്നിവയാണ് പരമാത്മാവിൽ സംസാരം അദ്ധ്യാസം ചെയ്യപ്പെടുന്നതിനുള്ള ഹേതുക്കൾ. എന്തെന്നാൽ സുഷുപ്തിയിൽ ബുദ്ധിയുടെ ഈ വൃത്തികൾ നിലയ്ക്കുമ്പോൾ സംസാരവും നിലയ്ക്കുകയും ആത്മാവ് സുഖസ്വരൂപനായി വിളങ്ങുകയും ചെയ്യുന്നു.

അനാദ്യവിദ്യോദ്ഭവബുദ്ധിബിംബിതോ
ജീവപ്രകാശോ ƒയമിതീര്യതേ ചിതഃ
ആത്മാധിയഃ സാക്ഷിതയാ പൃഥക്സ്ഥിതോ
ബുദ്ധ്യാപരിച്ഛിന്നപരഃ സ ഏവ ഹി **40**

അനാദിയായ അജ്ഞാനത്തിൽനിന്നു ജനിച്ച ബുദ്ധിയിൽ പ്രതി ബിംബിക്കുന്ന ആത്മചൈതന്യമാണ് ജീവൻ. ബുദ്ധിയുടെ പ്രവർത്തനങ്ങൾക്കു സാക്ഷിയായും, ബുദ്ധിയിൽനിന്നു ഭിന്നനാ യും, ബുദ്ധിയാൽ അപരിച്ഛിന്നനായും നിൽക്കുന്ന ചൈതന്യമാണ് പരമാത്മാവ്.

ചിദ്ബിംബസാക്ഷ്യാത്മധിയാം പ്രസംഗത-
സ്ത്വേകത്ര വാസാദനലാക്തലോഹവത്
അന്യോന്യമധ്യാസവശാത്പ്രതീയതേ
ജഡാജഡത്വം ച ചിദാത്മചേതസോഃ **41**

തീയിൽപ്പെട്ട ഇരുമ്പുഗോളം പോലെ, ചിദാഭാസനും സാക്ഷി യുമായ ആത്മാവും ബുദ്ധിയും ഒരുമിച്ചിരിക്കുന്നതിനാൽ പരസ്പര മുള്ള അദ്ധ്യാസം മൂലം ചിദാത്മാവിന്റെയും ബുദ്ധിയുടെയും ധർമ്മങ്ങളായ ജഡത്വവും, ചേതനയും അവ പരസ്പരം സ്വീകരി ച്ചതുപോലെ കാണപ്പെടുന്നു. *(ചൈതന്യസ്വരൂപമായ ആത്മാവ് ജഡമായും, ജഡമായ ബുദ്ധി ചിത്സ്വരൂപമായും കാണപ്പെടുന്നു വെന്നു സാരം).*

ഗുരോഃ സകാശാദപി വേദവാക്യതഃ
സഞ്ജാതവിദ്യാനുഭവോ നിരീക്ഷ്യ തം
സ്വാത്മാനമാത്മസ്ഥമുപാധിവർജിതം
ത്യജേദശേഷം ജഡമാത്മഗോചരം 42

ഗുരുവിൽനിന്നും, വേദവാക്യങ്ങളിൽനിന്നും ആത്മസ്വരൂപത്തെ അനുഭവിച്ചറിഞ്ഞിട്ട് ഉപാധിരഹിതനും അന്തര്യാമിയുമായ ആ ആത്മാവാണു താൻ എന്നു കണ്ടിട്ട്, ജ്ഞാനി ജഡവും ദൃശ്യവുമായ എല്ലാം ത്യജിക്കണം.

പ്രകാശരൂപോ*f*ഹമജോ*f*ഹമദ്വയോ*f*-
സകൃദ്വിഭാതോ*f*ഹമതീവ നിർമലഃ
വിശുദ്ധവിജ്ഞാനഘനോ നിരാമയഃ
സമ്പൂർണ ആനന്ദമയോ*f*ഹമക്രിയഃ 43

'ഞാൻ ജ്യോതിസ്വരൂപനും, ജനനമില്ലാത്തവനും, അദ്വയനും, സദാ പ്രകാശിക്കുന്നവനും, അത്യന്തം ശുദ്ധനും, ശുദ്ധബോധസ്വരൂപനും, ദുഃഖരഹിതനും, പൂർണ്ണമായും ആനന്ദമയനും, അകർത്താവുമാകുന്നു.'

സദൈവ മുക്തോ*f*ഹമചിന്ത്യശക്തിമാ-
നതീന്ദ്രിയജ്ഞാനമവിക്രിയാത്മകഃ
അനന്തപാരോ*f*ഹമഹർനിശം ബുധൈ-
ർവിഭാവിതോ*f*ഹം ഹൃദി വേദവാദിഭിഃ 44

'ഞാൻ സദാ മുക്തനും, അചിന്ത്യമായ ശക്തിയുള്ളവനും, ഇന്ദ്രിയാതീതജ്ഞാനമുള്ളവനും, മാറ്റമില്ലാത്തവനും, അനന്തനും, വേദാദ്ധ്യയനതല്പരരായ ആത്മജ്ഞാനികൾ സദാ ഹൃത്തിൽ ധ്യാനി

ക്കുന്നവനുമാകുന്നു.' *(മേല്പറഞ്ഞ രണ്ടു ശ്ലോകങ്ങളിൽ പറഞ്ഞ വിധം ജ്ഞാനി സ്വയം അറിയണം എന്നു സാരം).*

ഏവം സദാത്മാനമഖണ്ഡിതാത്മനാ
വിചാരമാണസ്യ വിശുദ്ധഭാവനാ
ഹന്യാദവിദ്യാമചിരേണ കാരകൈഃ
രസായനം യദ്വദുപാസിതം രുജഃ 45

സമർത്ഥന്മാരായ വൈദ്യൻ നല്കിയ മരുന്ന് രോഗത്തെയെന്ന പോലെ, മേല്പറഞ്ഞപ്രകാരം ഏകാഗ്രമായ ബുദ്ധിയോടെ നിരന്തരം ആത്മവിചാരം ചെയ്യുന്നവന്റെ ശുദ്ധഭാവന (ആത്മാകാര വൃത്തി) വേഗംതന്നെ അജ്ഞാനത്തെ ഇല്ലാതാക്കുന്നു.

വിവിക്ത ആസീന ഉപാരതേന്ദ്രിയോ
വിനിർജിതാത്മാ വിമലാന്തരാശയഃ
വിഭാവയേദേകമനന്യസാധനോ
വിജ്ഞാനദൃക്കേവല ആത്മസംസ്ഥിതഃ 46

ഏകാന്തത്തിൽ വസിക്കുന്നവനും, ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്ന് പിൻതിരിച്ചവനും, ശരീരമനോബുദ്ധികളെ പൂർണ്ണമായും നിയന്ത്രിച്ചവനും, ശുദ്ധമായ അന്തഃകരണത്തോടുകൂടിയവനും ആത്മാവിൽ നിഷ്ഠയുള്ളവനും, ജ്ഞാനമാകുന്ന ദൃഷ്ടിയുള്ളവനുമായ ഒരുവൻ മറ്റുള്ള ഒന്നിനെയും ആശ്രയിക്കാതെ ഏകമായ ആത്മാവിനെ വിഭാവന ചെയ്യണം (*താൻ സ്വയം അതാണെന്നു ദർശിക്കണം).*

വിശ്വം യദേതത്പരമാത്മദർശനം
വിലാപയേദാത്മനി സർവകാരണേ

പൂർണശ്ചിദാനന്ദമയോƒവതിഷ്ഠതേ
ന വേദ ബാഹ്യം ന ച കിഞ്ചിദാന്തരം 47

ഈ വിശ്വം വാസ്തവത്തിൽ പരമാത്മാവിന്റെ പ്രകടനം തന്നെയാകുന്നു. അതിനാൽ ജിജ്ഞാസു വിശ്വത്തിനെ സർവ്വകാരണമായ ആത്മാവിൽ വിലയിപ്പിക്കണം. അപ്പോൾ അവൻ അകമേയും പുറമേയും മറ്റൊന്നിനെയും അറിയാതെ പൂർണ്ണനും ചിദാനന്ദമയനുമായി വർത്തിക്കുന്നു.

പൂർവം സമാധേരഖിലം വിചിന്തയേ-
ദോങ്കാരമാത്രം സചരാചരം ജഗത്
തദേവ വാച്യം പ്രണവോ ഹി വാചകോ
വിഭാവ്യതേƒജ്ഞാനവശാന്ന ബോധതഃ 48

സമാധി അനുഭവം ഉണ്ടാകുന്നതുവരെ ഒരുവൻ ചരാചരപ്രപഞ്ചത്തെ മുഴുവൻ ഓംകാരം മാത്രമായി ഭാവന ചെയ്യണം. എന്തെന്നാൽ ഓംകാരം പ്രപഞ്ചത്തിന്റെ വാചകവും, പ്രപഞ്ചം ഓംകാരത്തിന്റെ വാച്യവുമാണ്. എന്നാൽ ഈ ഭാവന പോലും അജ്ഞാനം മൂലമുള്ളതാണ്. ആത്മബോധത്തിൽനിന്നുണ്ടാകുന്നതല്ല. (ആത്മബോധം ഉദിച്ചാൽ പിന്നെ ദൃക് ദൃശ്യഭേദമില്ലാത്തതുകൊണ്ട് ഈ ഭാവന പോലും സാദ്ധ്യമല്ലെന്നു സാരം).

അകാരസംജ്ഞഃ പുരുഷോ ഹി വിശ്വകോ
ഹ്യുകാരകസ്തൈജസ ഈര്യതേ ക്രമാത്
പ്രാജ്ഞോ മകാരഃ പരിപഠ്യതേƒഖിലൈഃ
സമാധിപൂർവം ന തു തത്ത്വതോ ഭവേത് 49

അകാരം വിശ്വനെയും, ഉകാരം തൈജസനെയും, മകാരം പ്രാജ്ഞനെയും പ്രതിനിധീകരിക്കുന്നു. *(സ്ഥൂല, സൂക്ഷ്മ, കാരണശരീര*

ങ്ങളുമായി താദാത്മ്യപ്പെടുന്ന ജീവൻ ഈ മൂന്നവസ്ഥകളിൽ യഥാക്രമം വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്നീ പേരുകളിൽ അറിയപ്പെടുന്നു). എന്നാൽ ഈ ഭേദങ്ങൾ വാസ്തവത്തിൽ ഉള്ളതല്ല, സമാധി അനുഭവം ഉണ്ടാകുന്നതുവരെ മാത്രമേ ഇവ നിലനില്ക്കുന്നുള്ളൂ.

വിശ്വം ത്വകാരം പുരുഷം വിലാപയേ-
ദുകാരമധ്യേ ബഹുധാ വ്യവസ്ഥിതം
തതോ മകാരേ പ്രവിലാപ്യ തൈജസം
ദ്വിതീയവർണം പ്രണവസ്യ ചാന്തിമേ **50**

മകാരമപ്യാത്മനി ചിദ്ഘനേ പരേ
വിലാപയേത്പ്രാജ്ഞമപീഹ കാരണം
സോഽഹം പരം ബ്രഹ്മ സദാ വിമുക്തിമ-
ദ്വിജ്ഞാനദൃങ് മുക്ത ഉപാധിതോഽമലഃ **51**

നാനാരൂപത്തിൽ സ്ഥിതിചെയ്യുന്നവനും അകാരത്താൽ സൂചിപ്പിക്കപ്പെടുന്നവനുമായ വിശ്വനെ ഉകാരത്തിൽ വിലയിപ്പിക്കണം. പിന്നീട് ഓംകാരത്തിന്റെ ദ്വിതീയവർണമായ ഉകാരത്തെ (അതു സൂചിപ്പിക്കുന്ന തൈജസനെ) അന്ത്യവർണ്ണമായ മകാരത്തിൽ വിലയിപ്പിച്ച്, മകാരത്തിനെ (അഥവാ അതു സൂചിപ്പിക്കുന്ന പ്രാജ്ഞനെ) ബോധസ്വരൂപമായ ആത്മാവിൽ വിലയിപ്പിക്കണം. പിന്നീട്, 'ഞാൻ സദാ വിമുക്തനും, ജ്ഞാനമാകുന്ന ദൃഷ്ടിയുള്ളവനും, എല്ല ഉപാധികളിൽനിന്നു മുക്തനും, നിർമ്മലനുമാണ്' എന്നു സാക്ഷാത്ക്കരിക്കണം.

ഏവം സദാ ജാതപരാത്മഭാവനഃ
സ്വാനന്ദതുഷ്ടഃ പരിവിസ്മൃതാഖിലഃ

ആസ്തേ സ നിത്യാത്മസുഖപ്രകാശകഃ
സാക്ഷാദ്വിമുക്തോ ƒ ചലവാരിസിന്ധുവത് 52

ഇപ്രകാരം പരമാത്മാസ്വരൂപത്തെ സാക്ഷാത്ക്കരിച്ചവനും സ്വാത്മാവിൽ ആനന്ദത്തെ അനുഭവിക്കുന്നവനും, മറ്റെല്ലാം മറന്നവനുമായ ഒരുവൻ തിരകളൊടുങ്ങിയ ശാന്തസമുദ്രം പോലെ തികച്ചും മുക്തനായി, നിത്യമായ ആത്മസുഖത്തിൽ മുഴുകി, അതിനെ പ്രകാശിപ്പിക്കുന്നവനായി വിരാജിക്കുന്നു.

ഏവം സദാഭ്യസ്തസമാധിയോഗിനോ
നിവൃത്തസർവേന്ദ്രിയഗോചരസ്യ ഹി
വിനിർജിതാശേഷരിപോരഹം സദാ
ദൃശ്യോ ഭവേയം ജിതഷഡ്ഗുണാത്മനഃ 53

ഇപ്രകാരം സദാ സമാധിയോഗമഭ്യസിക്കുന്നവനും, സകല ഇന്ദ്രിയ വിഷയങ്ങളിൽനിന്നും വിരമിച്ചവനും, കാമക്രോധാദി രിപുക്കളെ അശേഷം ജയിച്ചവനും, ആറു ഭാവവികാരങ്ങളെ ജയിച്ചവനുമായ യോഗിയ്ക്ക് ഞാൻ സദാ ദൃശ്യനാകുന്നു.

(കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം എന്നിവയാണ് ഷഡ് രിപുക്കൾ അഥവാ സാധകന്റെ ആറു ശത്രുക്കൾ. ഗുണം എന്ന പദത്തിന് വികാരം എന്ന അർത്ഥമുണ്ട്. അതുകൊണ്ട് ജീവന്റെ ഷഡ് വികാരങ്ങളാണ് ഷഡ്ഗുണങ്ങളെന്നു കരുതാം. ഉണ്ടായിരിക്കുക, ജനിക്കുക, വളരുക, മാറിക്കൊണ്ടിരിക്കുക, ക്ഷയിക്കുക, നശിക്കുക എന്നിവ യാണ് ആറു ഭാവവികാരങ്ങൾ. ഇന്ദ്രിയങ്ങളെന്ന അർത്ഥത്തിൽ ഗുണം എന്ന പദം ഭഗവദ്ഗീതയിൽ ഉപയോഗിച്ചിട്ടുണ്ട്. അതുകൊണ്ട് അഞ്ചിന്ദ്രിയങ്ങളും മനസ്സും ചേർന്നതാണ് ഷഡ്ഗുണങ്ങളെന്നും വ്യഖ്യാനിക്കാം.)

ധ്യാത്വൈവമാത്മാനമഹർനിശം മുനി–
സ്തിഷ്ഠേത്സദാ മുക്തസമസ്തബന്ധനഃ
പ്രാരബ്ധമശ്നന്നഭിമാനവർജിതോ
മയ്യേവ സാക്ഷാത്പ്രവിലീയതേ തതഃ 54

ഇപ്രകാരം രാപകൽ ആത്മാവിനെ ധ്യാനിച്ചുകൊണ്ട്, ശരീരം, മനസ്സ് തുടങ്ങിയവയാണ് താനെന്നുള്ള അഭിമാനമില്ലാത്തവനായി (അവയിൽ താദാത്മ്യബുദ്ധി ഇല്ലാത്തവനായി), പ്രാരബ്ധകർമ്മഫലം അനുഭവിച്ചുകൊണ്ട് മുനി സദാ സമസ്തബന്ധനങ്ങളിൽനിന്നും മുക്തനായി സ്ഥിതിചെയ്യണം. പിന്നീട് (ശരീരം വെടിഞ്ഞതിനു ശേഷം) അയാൾ എന്നിൽത്തന്നെ വിലയിക്കുന്നു.

ആദൗ ച മധ്യേ ച തഥൈവ ചാന്തതോ
ഭവം വിദിത്വാ ഭയശോകകാരണം
ഹിത്വാ സമസ്തം വിധിവാദചോദിതം
ഭജേത്സ്വമാത്മാനമഥാഖിലാത്മനാം 55

സംസാരം ആദ്യാവസാനവും മദ്ധ്യത്തിലും ഭയത്തിനും ശോകത്തിനും കാരണമാണ് എന്നറിഞ്ഞ്, ശാസ്ത്രവിഹിതമായ സകലകർമ്മങ്ങളെയും വെടിഞ്ഞ് അയാൾ സകലചരാചരങ്ങളുടെയും അന്തരാത്മാവായ സ്വാത്മാവിനെ ഭജിക്കട്ടെ.

ആത്മന്യഭേദേന വിഭാവയന്നിദം
ഭവത്യഭേദേന മയാത്മനാ തദാ
യഥാ ജലം വാരിനിധൗ യഥാ പയഃ
ക്ഷീരേ വിയദ്വ്യോമ്ന്യനിലേ യഥാനിലഃ 56

സമുദ്രത്തിൽചെന്നുചേരുന്ന ജലം പോലെ, പാലിൽ ചേരുന്ന പാലു പോലെ, ആകാശത്തിൽ ചേരുന്ന ആകാശം പോലെ, വായുവിൽ

ചേരുന്ന വായു പോലെ, ഇക്കാണുന്നതെല്ലാം സ്വാത്മാവിൽനിന്നു ഭിന്നമല്ലെന്നറിയുന്നതോടെ മുനി എന്നിൽനിന്നു ഭിന്നനല്ലാതാകുന്നു.

ഇത്ഥം യദീക്ഷേത ഹി ലോകസംസ്ഥിതോ
ജഗന്മൃഷൈവേതി വിഭാവയന്മുനിഃ
നിരാകൃതത്വാച്ഛ്രുതിയുക്തിമാനതോ
യഥേന്ദുഭേദോ ദിശി ദിഗ്ഭ്രമാദയഃ 57

കണ്ണിന് രോഗമുള്ളവനാൽ കാണപ്പെടുന്ന ഇരട്ട ചന്ദ്രബിംബവും, അന്ധകാരത്തിലുണ്ടാകുന്ന ദിഗ്ഭ്രമവും എപ്രകാരം മിഥ്യയാണോ അപ്രകാരംതന്നെ ശ്രുതി, യുക്തി എന്നിവയാൽ നിരാകരിക്കപ്പെട്ടതായ ഈ ജഗത്തും മിഥ്യ മാത്രമാണ് എന്ന് വിഭാവന ചെയ്തുകൊണ്ട് ഈ ലോകത്തിൽ വസിക്കുന്ന മുനി അതിനെ കാണണം.

യാവന്ന പശ്യേദഖിലം മദാത്മകം
താവന്മദാരാധനതത്പരോ ഭവേത്
ശ്രദ്ധാലുരത്യൂർജിതഭക്തിലക്ഷണോ
യസ്തസ്യ ദൃശ്യോƒഹമഹർനിശം ഹൃദി 58

ഈ വിശ്വം മുഴുവൻ ഞാൻ വ്യാപിച്ചിരിക്കുന്നു എന്നറിയുന്നതുവരെ എന്നെ ആരാധിക്കുന്നതിൽ തത്പരനായിരിക്കണം. ശ്രദ്ധാലുവും, അത്യന്തം ശ്രേഷ്ഠമായ ഭക്തിലക്ഷണമുള്ളവനുമായവന്റെ ഹൃദയത്തിൽ ഞാൻ സദാ അനുഭവവേദ്യനാകുന്നു.

രഹസ്യമേതച്ഛ്രുതിസാരസംഗ്രഹം
മയാ വിനിശ്ചിത്യ തവോദിതം പ്രിയ
യസ്ത്വേതദാലോചയതീഹ ബുദ്ധിമാൻ
സ മുച്യതേ പാതകരാശിഭിഃ ക്ഷണാത് 59

അല്ലയോ വത്സാ, എന്നാൽ നിശ്ചയപൂർവ്വം നിന്നോടു പറയപ്പെട്ട തായ ഈ വേദസാരസംഗ്രഹം ബുദ്ധിമാനായ യാതൊരുവനാണോ മനനം ചെയ്യുന്നത് അവൻ സകല പാപസഞ്ചയങ്ങളിൽ നിന്നും തത്ക്ഷണം മുക്തനാകുന്നു.

ഭ്രാതര്യദീദം പരിദൃശ്യതേ ജഗ-
ന്മായൈവ സർവം പരിഹൃത്യ ചേതസാ
മദ്ഭാവനാഭാവിതശുദ്ധമാനസഃ
സുഖീ ഭവാനന്ദമയോ നിരാമയഃ 60

അനുജാ, ഈ ജഗത്തു മുഴുവൻ മായയെന്നറിഞ്ഞ് മനസാ അതിനെ ത്യജിച്ച് എന്നിലുറപ്പിച്ച മനസ്സോടെ നീ ആനന്ദമയനും ദുഃഖരഹിതനുമായിത്തീരൂ.

യഃ സേവതേ മാമഗുണം ഗുണാത്പരം
ഹൃദാ കദാ വാ യദി വാ ഗുണാത്മകം
സോऽഹം സ്വപാദാഞ്ചിതരേണുഭിഃ സ്പൃശൻ
പുനാതി ലോകത്രിതയം യഥാ രവിഃ 61

എന്നെ ഗുണരഹിതനും, ഗുണാതീതനുമായിട്ടോ, അഥവാ ഗുണ ങ്ങളോടു കൂടിയവനായിട്ടോ യാതൊരുവനാണോ സ്വന്തം ഹൃത്തി ൽ സദാ സേവിക്കുന്നത്, അവൻ എന്റെ സ്വരൂപം തന്നെയാകുന്നു. അവൻ സൂര്യനെപ്പോലെ സ്വപാദരേണുക്കളുടെ സ്പർശം കൊണ്ട് മൂന്നു ലോകങ്ങളെയും പവിത്രമാക്കുന്നു.

വിജ്ഞാനമേതദഖിലം ശ്രുതിസാരമേകം
വേദാന്തവേദ്യചരണേന മയൈവ ഗീതം
യഃ ശ്രദ്ധയാ പരിപഠേദ്ഗുരുഭക്തിയുക്തോ
മദ്രൂപമേതി യദി മദ്വചനേഷു ഭക്തിഃ 62

ശ്രീരാമഗീത അർത്ഥസഹിതം

വേദാന്തത്തിലൂടെ അറിയപ്പെടുന്ന ചരണങ്ങളോടുകൂടിയവനായ എന്നാൽ പറയപ്പെട്ടതും ശ്രുതിസാരവുമായ ഈ ജ്ഞാനത്തെ മുഴുവൻ ഗുരുഭക്തിയുള്ള യാതൊരുവനാണോ ശ്രദ്ധയോടെയും എന്റെ വാക്കുകളിൽ ആദരവോടെയും പഠിക്കുന്നത് അവൻ എന്റെ രൂപത്തെ പ്രാപിക്കുന്നു (പരമാത്മൈക്യം പൂകുന്നു എന്നു സാരം).

ഇതി ശ്രീമദധ്യാത്മരാമായണേ
ഉമാമഹേശ്വരസംവാദേ ഉത്തരകാണ്ഡേ പഞ്ചമഃ സർഗഃ
സമാപ്താ ചേയം ശ്രീരാമഗീതാ

ഇപ്രകാരം ശ്രീമദ് അദ്ധ്യാത്മരാമായണത്തിലെ
ഉമാമഹേശ്വരസംവാദത്തിലെ ഉത്തരകാണ്ഡത്തിലെ അഞ്ചാം സർഗ്ഗവും
ശ്രീരാമഗീതയും സമാപിച്ചു.